# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2924** — **13-07-2015- ൽ മറുപടിക്ക്**

## വിഴിഞ്ഞം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കരാർ അദാനി ഗ്രൂപ്പിന് നൽകാൻ തുറമുഖ കമ്പനി തീരുമാനം എടുത്തത് ഏത് തീയതിയിലായിരുന്നു; ആരുടെ അദ്ധ്യക്ഷതയിൽ ചേർന്ന കമ്പനി ബോർഡ് യോഗത്തിലാണ് അദാനി ഗ്രൂപ്പിന് കരാർ നൽകാൻ തീരുമാനിച്ചിരുന്നത്; | (എ) കരാർ അദാനി ഗ്രൂപ്പിന് നൽകുവാൻ തുറമുഖ കമ്പനി തീരുമാനമെടുത്തിട്ടില്ല. 13.05.2015 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കമ്പനി ബോർഡ് യോഗം കരാർ അംഗീകരിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുകയാണ് ഉണ്ടായത്. |
| (ബി) കരാർ സംബന്ധിച്ച കാര്യത്തിൽ സർവ്വകക്ഷിയോഗം വിളിച്ചു ചേർത്തതിന്റെ ഉദ്ദേശം എന്തായിരുന്നു; യോഗത്തിൽ ഉന്നയിക്കപ്പെട്ട പ്രധാന വാദഗതികൾ എന്തെല്ലാമായിരുന്നു; | (ബി) മന്ത്രിസഭാ തീരുമാനപ്രകാരം ആണ് സർക്കാർ സർവ്വകക്ഷി യോഗം വിളിച്ചിട്ടുള്ളത്. സർവ്വകക്ഷിയോഗത്തിലെ പ്രധാന വാദഗതികൾ അടങ്ങിയ യോഗത്തിന്റെ മിനിട്സ് അനുബന്ധം I ആയി വച്ചിട്ടുണ്ട്. |
| (സി) ഏക ടെണ്ടർ നൽകിയ അദാനി ഗ്രൂപ്പിന് കരാർ നൽകാൻ മന്ത്രിസഭയുടെ പരിഗണനയ്ക്ക് അജണ്ട വന്നത് ഏത് തീയതിയിലായിരുന്നു; ഏത് തീയതിയിൽ നടന്ന മന്ത്രിസഭായോഗത്തിലാണ് കരാർ അദാനിക്കുതന്നെ നൽകണമെന്ന് തീരുമാനിച്ചത്; മന്ത്രിസഭായോഗ | (സി) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കരാർ അദാനിക്ക് നൽകുന്ന വിഷയം 20-05-2015 ലെ മന്ത്രിസഭായോഗത്തിൽ ആണ് ആദ്യമായി പരിഗണനയ്ക്ക് വന്നത്. 03-06-2015 ലെ സർവ്വ കക്ഷിയോഗത്തിന് ശേഷം തീരുമാനം എടുക്കാവുന്നതാണെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിച്ചതിനെ തുടർന്ന് |

| | | | |
|---|---|---|---|
| | തീരുമാനത്തിൽ സർവ്വകക്ഷി യോഗ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണ്; | | സർവ്വ കക്ഷിയോഗം നടത്തുകയും 10-06-2015 ലെ മന്ത്രിസഭാ യോഗത്തിൽ വീണ്ടും ഈ വിഷയം പരിഗണിക്കുകയും അദാനി സമർപ്പിച്ച ബിഡ് അംഗീകരിക്കുവാൻ തത്വത്തിൽ സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | മന്ത്രിസഭാ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് ലഭ്യമാക്കാമോ? | (ഡി) | ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

115.

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് 03.06.2015 ന് കൂടിയ സർവ്വകക്ഷി യോഗത്തിന്റെ മിനിറ്റ്സ്

യോഗം രാവിലെ 11.30 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ വച്ച് അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു.

ഗവൺമെന്റിന്റെ ക്ഷണം സ്വീകരിച്ച് സർവ്വകക്ഷി യോഗത്തിന് എത്തിയ എല്ലാവരെയും മുഖ്യമന്ത്രി സ്വാഗതം ചെയ്തു. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് തുറമുഖ പ്രിൻസിപ്പൽ സെക്രട്ടറി ഒരു അവതരണം നടത്തുന്നതാണെന്ന് മുഖ്യമന്ത്രി അറിയിച്ചു. തുടർന്ന് പ്രിൻസിപ്പൽ സെക്രട്ടറി പദ്ധതി സംബന്ധിച്ച് വിശദമായ അവതരണം നടത്തുകയുണ്ടായി

ഇതു സംബന്ധിച്ച് വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ഉന്നയിച്ച വിഷയങ്ങളും അവയ്ക്ക് നല്കിയ വിശദീകരണങ്ങളുടെയും സംക്ഷിപ്ത രൂപം താഴെ കൊടുത്തിരിയ്ക്കുന്നു.

1. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ (മാർക്സിസ്റ്റ്), ജനതാദൾ (യുണൈറ്റഡ്), ജനതാദൾ (സെക്കുലർ), കേരളാ കോൺഗ്രസ്സ് (ശ്രീ.വി. സുരേന്ദ്രൻ പിള്ള) എന്നീ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ സംസ്ഥാന സർക്കാർ, വി.ജി.എഫ് തിരിച്ചടയ്ക്കണം എന്ന കേന്ദ്രസർക്കാർ നിബന്ധനയെപ്പറ്റി സംശയങ്ങൾ ഉന്നയിച്ചു. തിരിച്ചടക്കുന്നതിനാൽ കേന്ദ്ര സഹായം വി.ജി.എഫ് അല്ലായെന്നും സോഫ്ട് ലോൺ മാത്രമാണെന്നും അവർ പറഞ്ഞു. അതിനു മറുപടിയായി കേന്ദ്ര സർക്കാരിന്റെ വി..ജി..എഫ് മാനദണ്ഡമനുസരിച്ച് ലാഭകരമല്ലാത്ത പദ്ധതികൾക്കാണ് വി.ജി.എഫ് ലഭ്യമാകുന്നത് എന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത പദ്ധതികൾക്ക് റവന്യൂ വിഹിതത്തിന് അർഹതയില്ല. എന്നാൽ വിഴിഞ്ഞം പദ്ധതിയ്ക്ക് റവന്യൂ വിഹിതം വേണമെന്ന് സംസ്ഥാന സർക്കാർ നിഷ്കർഷിച്ചതിനാൽ സംസ്ഥാന സർക്കാരിന് റവന്യൂ ഷെയർ ലഭിയ്ക്കുന്ന മുറയ്ക്ക് അതിൽ നിന്നും 20% തുക കേന്ദ്ര സർക്കാരിന് നല്കണം എന്നാണ് കേന്ദ്ര സർക്കാർ വി.ജി.എഫ് അനുവദിച്ചപ്പോൾ അറിയിച്ചത്. കേന്ദ്ര വിഹിതം സർക്കാരിനു ലഭിക്കുന്ന തുകയിൽ നിന്നും തിരിച്ച് അടച്ചാലും മുൻ ടെൻഡറിനെക്കാൾ ഗുണകരമാണ് ഇപ്പോഴത്തെ ടെൻഡർ നിബന്ധനയെന്ന് ബഹു.തുറമുഖ വകുപ്പ് മന്ത്രി യോഗത്തെ അറിയിച്ചു.

2. ഗ്രാന്റ് വാങ്ങിയശേഷം തിരഞ്ഞെടുക്കപ്പെടുന്ന പങ്കാളി തുറമുഖ നിർമ്മാണം നടത്താതിരുന്നാൽ എന്ത് നടപടി സ്വീകരിക്കുവാൻ സാധിക്കുമെന്ന കാര്യത്തിൽ കേരള കോൺഗ്രസ്സ് (ബി) പ്രതിനിധി സംശയം പ്രകടിപ്പിച്ചു. ഇതിന് മറുപടിയായി ഗ്രാന്റ് തുക നല്കുന്നത് കൺസഷനയർ സ്വന്തം നിക്ഷേപം മുഴുവൻ ഇറക്കിയതിനു ശേഷം തവണകളായാണെന്നും അതിനാൽ അത്തരത്തിൽ പങ്കാളിയ്ക്ക് ചെയ്യാൻ സാധ്യമല്ലെന്നും അറിയിച്ചു.

3. 2010 ലെ കഴിഞ്ഞ ടെണ്ടറിലും ഇപ്പോഴത്തെ (2015) ടെണ്ടറിലും 'ക്വാട്ട്' ചെയ്തിട്ടുള്ള ഗ്രാന്റുകളെപ്പറ്റിയുള്ള സംശയം കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ (മാർക്സിസ്റ്റ്), ജെ.എസ്സ്.എസ്സ്. (ശ്രീ.അഡ്വ.എ.എൻ.രാജൻ ബാബു) എന്നിവയുടെ പ്രതിനിധികൾ ഉന്നയിച്ചതിന് വിശദമായ മറുപടി തുറമുഖ പ്രിൻസിപ്പൽ സെക്രട്ടറി നല്കുകയും രണ്ട് ടെണ്ടറുകളെപ്പറ്റിയുള്ള ഒരു താരതമ്യം പങ്കെടുത്ത എല്ലാവർക്കും വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുകയും ചെയതു. അതനുസരിച്ച് ഇപ്പോഴത്തെ ടെൻഡർ സംസ്ഥാന സർക്കാരിന് വളരെയധികം മെച്ചമാണെന്ന് പറയുകയും ചെയ്തു

4. ഇപ്പോഴത്തെ ടെൻഡർ അനുസരിച്ച് ഭൂമിയുടെ മുപ്പതു ശതമാനം ബിഡ്ഡർക്ക് വിട്ടുകൊടുക്കുന്നുണ്ടെന്നും അത് അനിയന്ത്രിത ലാഭം കൊയ്യലിന് ഇടയാക്കുമെന്നും ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ എംപവേർഡ് കമ്മിറ്റി ഉന്നയിച്ചിരുന്നുവെന്നും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ (മാർക്സിസ്റ്റ്), ജെ.എസ്സ്.എസ്സ്. എന്നീ കക്ഷികളുടെ പ്രതിനിധികൾ പറഞ്ഞു. എന്നാൽ മുപ്പതുശതമാനം സ്ഥലത്തിന്മേൽ ലൈസൻസ് മാത്രമേ നൽകുന്നുള്ളൂ എന്നും ഏഴാം വർഷം മുതൽ ഇതിൽ നിന്നുമുള്ള ആകെ വരുമാനത്തിന്റെ പത്തുശതമാനം സംസ്ഥാന സർക്കാരിന് ലഭ്യമാകുന്നുണ്ടെന്നും അതിനാൽ സർക്കാരിന് ഈ വ്യവസ്ഥ ഗുണകരമാണെന്നും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗത്തെ അറിയിച്ചു.

5. തുറമുഖാനന്തര വാണിജ്യ ആവശ്യത്തിനായി 30 ശതമാനം ഭൂമി ഉപയോഗിക്കുന്നതിനുള്ള ലൈസൻസ് നല്കുന്നതു സംബന്ധിച്ച (Port estate) സംശയങ്ങൾക്ക് പോർട്ട് എസ്റ്റേറ്റ് ഡവലപ്മെന്റ് പുതുതായി ഉൾപ്പെടുത്തിയ വ്യവസ്ഥ അല്ലെന്നും കേന്ദ്ര ആസൂത്രണ കമ്മീഷന്റെ മാതൃകാ കൺസഷൻ കരാറിലുള്ളതാണെന്നും സർക്കാർ അറിയിക്കുകയുണ്ടായി.

6. പുതിയ ഘടന പ്രകാരം സംസ്ഥാനത്തിന് ലഭിക്കുന്ന റവന്യൂ വിഹിതത്തെപ്പറ്റി കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ (മാർക്സിസ്റ്റ്), ജനതാദൾ (യുണൈറ്റഡ്), കേരളാ കോൺഗ്രസ്സ് (ബി) എന്നീ കക്ഷികളുടെ സംശയങ്ങൾക്ക് വിശദമായ മറുപടി നല്കുകയുണ്ടായി. വല്ലാർപാടം, ചെന്നൈ തുടങ്ങിയ കണ്ടെയ്നർ ടെർമിനൽ നിലവിലുണ്ടായിരുന്ന ഒരു തുറമുഖത്തിന്റെയും അതിനോടനുബന്ധിച്ചുള്ള കണ്ടെയ്നർ ടെർമിനലിന്റേയും ഭാഗമായി ടെണ്ടർ ചെയ്തിട്ടുള്ളതും അല്ലാതെ വിഴിഞ്ഞം പോലെ ഒരു പുതിയ പദ്ധതി (Greenfield Port) അല്ലെന്നും അറിയിച്ചു.അതിനാൽ വിഴിഞ്ഞത്തെ വല്ലാർപാടം, ചെന്നൈ തുടങ്ങിയ തുറമുഖങ്ങളുമായി താരതമ്യം ചെയ്യാനാകില്ലയെന്നും അറിയിച്ചു.

7. ടെണ്ടറിനെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും പ്രസിദ്ധീകരിച്ചിട്ടില്ലെന്നും Evaluation Report കൾ വിശദമായില്ലെന്നും, അദാനിയുടെ ബിഡ്ഡിന്റെ കൂടുതൽ വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ലെന്നും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ (മാർക്സിസ്റ്റ്) പാർട്ടി പ്രതിനിധി (ഡോ തോമസ് ഐസക്) അഭിപ്രായപ്പെട്ടു. പദ്ധതി സംസ്ഥാനത്ത് ഏറ്റവും ലാഭകരമായ രീതിയിൽ സുതാര്യമായി നടത്തണമെന്ന് അദ്ദേഹം പറഞ്ഞു. വാണിജ്യാവശ്യത്തിന് തുറമുഖ ഭൂമി ഉപയോഗിക്കാൻ പാടില്ലയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇതിനു മറുപടിയായി ടെണ്ടറിലെ Confidentiality Clause അനുസരിച്ച് ബിഡ്ഡിന്റെ പകർപ്പ് ഇപ്പോൾ പ്രസിദ്ധീകരിക്കാനാകില്ലെന്നും, പദ്ധതിയുടെ 'Letter of Award' നല്കിയ ശേഷം പ്രസിദ്ധീകരിക്കുന്നതാണെന്നും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗത്തെ അറിയിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ (മാർക്സിസ്റ്റ്) പാർട്ടി പ്രതിനിധി ആവശ്യപ്പെട്ട മറ്റു രേഖകൾ കൂടി മുമ്പ് പ്രസിദ്ധീകരിച്ച രേഖകൾക്കൊപ്പം വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുമെന്നും ബഹു. മുഖ്യമന്ത്രി അറിയിച്ചു.

8. ഈ ടെണ്ടറിൽ ഒറ്റ ബിഡ് മാത്രം ഉള്ളതിനാൽ ഇതിൽ ഒരു Independent Price Discovery നടന്നിട്ടില്ലെന്ന് സംശയം കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ (മാർക്സിസ്റ്റ്) പാർട്ടി പ്രതിനിധി പ്രകടിപ്പിച്ചു. പാരിസ്ഥിതികാനുമതിയ്ക്കെതിരെ കേസ് നടന്നുകൊണ്ടിരിക്കുന്നതിനാൽ ഇപ്പോൾ നിർമ്മാണം ആരംഭിയ്ക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു. എല്ലാ നടപടിക്രമങ്ങളും പാലിച്ച് സുതാര്യമായി നടത്തിയ ആഗോള ടെണ്ടറിലൂടെയാണ് ബിഡ്ഡറെ കണ്ടെത്തിയതെന്നും, പദ്ധതിയുടെ നിർമ്മാണം തുടങ്ങു

ന്നതിന് നിലവിലെ കേസിൽ സ്റ്റേ ഇല്ലാത്തതിനാൽ തടസ്സമില്ലെന്നും ബഹു. തുറമുഖ വകുപ്പ് മന്ത്രി അറിയിച്ചു.

9. പദ്ധതിയുടെ നടത്തിപ്പ് കാലാവധി ഒരു സ്വകാര്യ പങ്കാളിയ്ക്ക് 80 കൊല്ലത്തേയ്ക്ക് കൊടുത്താൽ തിരിച്ചു കിട്ടുമോ എന്ന് കേരള കോൺഗ്രസ്സ് (ബി) പ്രതിനിധി (ശ്രീ.ബാലകൃഷ്ണപിള്ള) ആശങ്ക പ്രകടിപ്പിച്ചു. ഇതിന്റെ കൺസഷൻ കാലാവധി ലൈസൻസായി ഇപ്പോൾ നല്കുന്നത് നാല് കൊല്ലത്തെ നിർമ്മാണ കാലാവധിയും 36 കൊല്ലത്തെ നടത്തിപ്പ് കാലാവധിയും ഉൾപ്പെടെ നാല്പത് കൊല്ലത്തേക്ക് ആണെന്നും ഇതിനിടയിൽ സ്വന്തം ചിലവിൽ അവർ രണ്ടാം ഘട്ടം പൂർത്തിയാക്കിയാൽ മാത്രമേ പിന്നീട് ഇരുപതു കൊല്ലം കൂടി നടത്തിപ്പ് കാലാവധി നീട്ടുകയുള്ളു എന്നും മുമ്പ് നടത്തിയ ടെൻഡറുകളിൽ മുപ്പതുവർഷത്തിനു ശേഷം അനിശ്ചിത കാലത്തേക്ക് പാട്ടം നീട്ടിക്കൊടുക്കുവാൻ വ്യവസ്ഥയുണ്ടായിരുന്നു എന്നും ടെൻഡറുകളിൽ ആദ്യകരാറുകാരന് "first right of refusal" എന്ന അവകാശം ഉണ്ടായിരുന്നു എന്നും ബഹു.മുഖ്യമന്ത്രി വ്യക്തമാക്കി.

10. ബഹു.പ്രതിപക്ഷ നേതാവ്, കഴിഞ്ഞ സർക്കാർ വിഴിഞ്ഞം തുറമുഖം വികസിപ്പിക്കുന്നതിനെടുത്ത നടപടികളെപ്പറ്റി ആമുഖമായി പറയുകയും പിന്നീട് നടന്ന ടെണ്ടർ നടപടികളെപ്പറ്റി വിശദമായി പ്രതിപാദിക്കുകയും ചെയ്തു. 2010 ൽ അന്നത്തെ സർക്കാർ ഉദ്ദേശിച്ച ലാന്റ് ലോർഡ് മോഡൽ ഇന്നത്തെ മോഡലിനെക്കാളും എല്ലാ രീതിയിലും മികച്ചതാണെന്നും ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന ഘടന ഏകപക്ഷീയമായി സ്വീകരിച്ചതാണെന്നും കുറ്റപ്പെടുത്തി. അദാനിയുമായി ബഹു.മുഖ്യമന്ത്രി നടത്തിയ കൂടിക്കാഴ്ചയുടെ മിനിറ്റ്സ് വയ്ക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അദ്ദേഹം എഴുതി വായിച്ച കുറിപ്പിൽ ഇപ്പോഴത്തെ പദ്ധതി ഘടന അംഗീകരിയ്ക്കാൻ കഴിയില്ലെന്നും നാടിന്റെ താല്പര്യം സംരക്ഷിച്ചുകൊണ്ട് സർക്കാരിന് നിയന്ത്രണമുള്ള ലാന്റ് ലോർഡ് പോർട്ട് എന്ന നിലയിൽ വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ അതിന് എൽ.ഡി.എഫിന്റെ എല്ലാവിധ പിന്തുണയുമുണ്ടാകുമെന്നും പറഞ്ഞു. ഇതിനു മറുപടിയായി കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ലാൻഡ് ലോർഡ് മാതൃകയിൽ പി.പി.പി ഘടകം ഉണ്ടായിരുന്നുവെന്നും ഇപ്പോഴത്തെതും ലാൻഡ് ലോർഡ് മാതൃകയാണെന്നും കേന്ദ്ര സർക്കാരിന്റെ വി. ജി. എഫ്. ലഭ്യമാകുന്നതിനാൽ ഇതിനുള്ളിലെ പി. പി. പി. ഘടകങ്ങൾ വർദ്ധിപ്പിക്കുക മാത്രമാണ് ചെയ്തതെന്നും തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി യോഗത്തെ അറിയിച്ചു. മാത്രമല്ല 2010 ലേയും 2015

ലേയും ടെണ്ടറുകൾ തമ്മിലുള്ള താരതമ്യ പട്ടിക അംഗങ്ങൾക്കു നല്കിയിട്ടുണ്ടെന്നും പ്രസ്തുത പട്ടിക വിശകലനം ചെയ്താൽ 2015–ലെ ടെണ്ടർ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ വളരെയധികം മെച്ചപ്പെട്ടതാണെന്നും പാട്ടത്തിനു പകരം ലൈസൻസ് മാത്രം നൽകുന്നതിനാൽ ഏറെ മെച്ചമായ ലാൻഡ് ലോർഡ് മാതൃകയിലുള്ളതാണെന്നും ബഹു.മുഖ്യമന്ത്രി പറഞ്ഞു.

11. 'മദർഷിപ്പുകൾ' വരാവുന്ന തരത്തിൽ പദ്ധതി വലുതാക്കിയതും, മുൻ ടെണ്ടർ (2010) പ്രകാരം പാട്ടത്തിനു ഭൂമി കൊടുക്കാനുള്ള വ്യവസ്ഥ ലൈസൻസായി മാറ്റിയ തും; മുൻ ടെണ്ടറിൽ ഇല്ലാതിരുന്ന കേന്ദ്രസർക്കാർ വി.ജി.എഫ് ലഭ്യമാക്കിയതും; മുൻ ടെണ്ടർ പ്രകാരം സർക്കാരിന് വരുമാന വിഹിതം ലഭിയ്ക്കില്ലായിരുന്നു എന്ന വ്യ വസ്ഥ മാറ്റി തുറമുഖത്തിന്റെ നടത്തിപ്പിൽ നിന്നും തുറമുഖാനന്തര വാണിജ്യ പ്രവർത്തനങ്ങളിൽ നിന്നും സർക്കാരിന് വരുമാനം ലഭിയ്ക്കുന്ന വ്യവസ്ഥ കൊണ്ടു വന്നതും ഇപ്പോഴത്തെ ടെണ്ടറിന്റെ മെച്ചപ്പെട്ട വ്യവസ്ഥകളായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്, സി.എം.പി (ശ്രീ.സി.പി ജോൺ) എന്നീ കക്ഷികളുടെ പ്രതിനിധികൾ ചൂണ്ടിക്കാട്ടി.

12. കഴിഞ്ഞ ടെണ്ടറിൽ പദ്ധതി നടത്തിപ്പ് മാത്രമാണ് സ്വകാര്യ പങ്കാളിയ്ക്ക് നല്കുന്നതെന്ന ജനതാദൾ (യുണൈറ്റഡ്) സംശയം സംബന്ധിച്ച്; അത് അങ്ങനെ അല്ലെന്നും, 2010 മാതൃക അംഗീകരിച്ച സർക്കാർ ഉത്തരവിൽ നിർമ്മാണവും നടത്തിപ്പും ഉൾപ്പെടുന്ന പി.പി.പി ഘടകമാണ് ഉണ്ടായിരുന്നതെന്നും ബഹു.തുറമുഖ വകുപ്പ് മന്ത്രി മറുപടി നല്കി.

13. റവന്യൂ ഷെയറിന്റെ കാര്യത്തിൽ സർക്കാർ കൃത്യത ഉറപ്പാക്കണമെന്നും, ജനങ്ങളുടെ പണം മുടക്കിയിട്ട് 15 വർഷത്തേയ്ക്ക് പങ്കാളിയ്ക്ക് വരുമാനം കൊടുക്കുന്നത് ശരില്ലെന്നും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ പ്രതിനിധി അഭിപ്രായപ്പെട്ടു. ഇത് സുതാര്യമായി നടപ്പാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.. ഇതിനു മറുപടിയായി 30 വർഷത്തെ നടത്തിപ്പ് കരാർ ഇപ്പോൾ 40 വർഷമാണ് ആക്കിയിട്ടുള്ളതെന്നും ഇതിൽ നാലു വർഷം നിർമ്മാണ കാലയളവാണെന്നും ബഹു.തുറമുഖ വകുപ്പ് മന്ത്രി അറിയിച്ചു. പക്ഷെ നേരത്തെയുള്ള കരാറിൽ 30 വർഷം കഴിഞ്ഞ് കാലാവധി നീട്ടുന്നതിനുള്ളപരിധി പോലും പറഞ്ഞിട്ടില്ല എന്നത് ഇത് അനന്തമായി നീട്ടുന്നതിന് ഇടവരുത്തുമായിരുന്നു. എന്നാൽ ഇപ്പോൾ അത് നിജപ്പെടു ത്തിയിട്ടുണ്ട് അതുതന്നെ നിർദ്ദിഷ്ട വ്യവസ്ഥയ്ക്കുള്ളിൽ നിന്നും രണ്ടാം ഘട്ട

നിർമ്മാണം നടത്തിയാൽ മാത്രമേ ലഭിക്കൂ എന്നും അദ്ദേഹം യോഗത്തെ അറിയിച്ചു. മാത്രമല്ല, മുൻ മോഡലിൽ മുപ്പതുവർഷക്കാലവും സംസ്ഥാന സർക്കാരിന് യാതൊരു വരുമാന വിഹിതവും ലഭിക്കില്ലായിരുന്നെന്നും വിശദീകരിച്ചു.

14. നിലവിലെ ബിഡ്ഡ് അനുസരിച്ച് വരുമാന വിഹിതമല്ല ലാഭവിഹിതമാണ് ലഭിക്കുകയെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ പ്രതിനിധി പറഞ്ഞു. എന്നാൽ കരാറിൽ റവന്യൂ ഷെയർ എന്നത് വരുമാന വിഹിതമാണെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ടെന്ന് വിശദമാക്കപ്പെട്ടു.

15. നാളിതുവരെ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ വികസനത്തിനായി 630 കോടി രൂപ ചിലവിട്ടെന്ന് ജനതാദൾ (സെക്കുലർ), പ്രതിനിധിയുടെ ചോദ്യത്തിനുത്തരമായി Vizhinjam International Seaport Ltd അധികൃതർ അറിയിച്ചു. നിയമസഭ കൂടി സർക്കാർ തന്നെ പദ്ധതി നേരിട്ട് നടപ്പിലാക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളണമെന്നും ഈ പ്രതിനിധി ആവശ്യപ്പെടുകയു യി.

16. പിന്നീട് സംസാരിച്ച ഭാരതീയ ജനതാ പാർടി പ്രതിനിധി, (ശ്രീ.വി.മുരളീധരൻ) കേരള സർക്കാർ മുന്നോട്ടു വന്നാൽ വിഴിഞ്ഞം പദ്ധതി കേന്ദ്ര സർക്കാർ ഏറ്റെടുത്ത് വികസിപ്പിക്കാൻ കഴിയും എന്ന് മനസിലാക്കുന്നുവെന്നും, അതേ സമയം ബി.ജെ. പിയെ സംബന്ധിച്ചിടത്തോളം സ്വകാര്യ പങ്കാളിത്തത്തിന് എതിരല്ലെന്നും അറിയിച്ചു. പദ്ധതിയിൽ ഉണ്ടാകുന്ന കാലതാമസത്തിന് കേരളത്തിന്റെ ഭരണ പക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും ബാധ്യതയായി കണക്കാക്കുമെന്ന് അറിയിച്ചു. ഇതിന് മറുപടിയായി കേന്ദ്ര ഷിപ്പിംഗ് കോർപ്പറേഷനെക്കൊണ്ട് ഈ പദ്ധതിയെ ഏറ്റെടുപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ശ്രമിച്ചിട്ടുള്ളതാണെന്നും പൂർണ്ണമായും കേന്ദ്രം നേരിട്ട് തുറമുഖം വികസിപ്പിക്കുന്ന ഒരു നയം ഇപ്പോൾ നിലവിലില്ലെന്നും അദ്ദേഹം യോഗത്തെ അറിയിച്ചു.

യോഗാവസാനം ബഹു. മുഖ്യമന്ത്രി വിലപ്പെട്ട അഭിപ്രായങ്ങൾ പറഞ്ഞ എല്ലാ നേതാക്കൾക്കും നന്ദി പ്രകാശിപ്പിക്കുകയും താഴെ പറയുന്ന കാര്യങ്ങൾ യോഗത്തെ അറിയിക്കുകയും ചെയ്തു.

- സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുവേണം വിഴിഞ്ഞം പദ്ധതി നടപ്പിലാക്കേണ്ടത് എന്ന അഭിപ്രായത്തോട്പൂർണ്ണമായും യോജിക്കുന്നു.

- പദ്ധതിയ്ക്കെതിരെ എല്ലാ കാലത്തും യു. ഡി. എഫ്. ഉം കോൺഗ്രസ്സുമാണ് എതിരു നിന്നതെന്ന് പറഞ്ഞ അഭിപ്രായം വസ്തുതയ്ക്ക് നിരക്കാത്തതാണെന്നും ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയും ശ്രീ. എം. വി. രാഘവൻ തുറമുഖ മന്ത്രിയുമായിരുന്ന കാലത്താണ് വിഴിഞ്ഞം പദ്ധതിയ്ക്ക് തുടക്കം കുറിച്ചതെന്നും. അതിനു ശേഷവും യു.ഡി.എഫ് ഭരണകാലത്താണ് ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടായിട്ടുള്ളത്.

- ടെണ്ടർ സമർപ്പിക്കാനായി ഏറ്റവും കുറഞ്ഞത് മൂന്നു പേരെങ്കിലും വരുമെന്ന് പ്രതീക്ഷിച്ചിരുന്ന അവസരത്തിലാണ് ഒരാളും ടെണ്ടറിന്റെ മുൻ നിശ്ചിത തീയതിയായിരുന്ന 2015 ഫെബ്രുവരി 20 ന് വരാതിരുന്നതെന്നും. ഇതിനെ തുടർന്ന് വിഴിഞ്ഞം കമ്പനി ഡയറക്ടർ ബോർഡ് യോഗം ചേർന്നു കമ്മിറ്റി കൂടിയാണ് ടെണ്ടർ ഫോറം വാങ്ങിയ എല്ലാ കമ്പനികളുമായും മുഖ്യമന്ത്രി ബന്ധപ്പെടണമെന്ന് തീരുമാനിച്ചത്. അങ്ങനെ എല്ലാവരുമായും ബന്ധപ്പെടുകയും ടെണ്ടർ സമർപ്പിയ്ക്കാതിരുന്നതിന് അവർ ഓരോരോ കാരണങ്ങൾ പറയുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി അദാനിയും അവരുടെ ഉദ്യോഗസ്ഥ സംഘവുമായും ഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. തുറമുഖ വകുപ്പ് മന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചീഫ് സെക്രട്ടറി, തുറമുഖ പ്രിൻസിപ്പൽ സെക്രട്ടറി, ഡൽഹിയിലെ റസിഡന്റ് കമ്മീഷണർ, തുറമുഖ കമ്പനി എം. ഡി. എന്നിവരും കമ്പനിയുടെ ഉദ്യോഗസ്ഥരും പ്രസ്തുത യോഗത്തിലുണ്ടായിരുന്നു. പദ്ധതി നടപ്പാക്കുന്നതിനായി തിരഞ്ഞെടുക്കപ്പെടുന്ന ബിഡ്ഡർക്ക് സർക്കാരിന്റെ പിന്തുണ ഉണ്ടായിരിയ്ക്കുമെന്നാണ് യോഗത്തെ അറിയിച്ചത്.

- സർവ്വ കക്ഷിയോഗത്തിൽ അംഗങ്ങൾ പറഞ്ഞ കാര്യങ്ങൾ വേണ്ടത്ര ഗൗരവത്തോടെ ഉൾക്കൊള്ളുന്നുവെന്നും സുതാര്യമായും സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടും വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

സംസ്ഥാനത്തിന്റെ സ്വപ്ന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എല്ലാ കക്ഷികളുടേയും പിന്തുണ അഭ്യർത്ഥിച്ചു കൊണ്ടും പങ്കെടുത്തവർക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ടും യോഗം 1.20 pm ന് അവസാനിച്ചു.

<u>അനുബന്ധം-1</u>

| | | | |
|---|---|---|---|
| 1. | സി.പി.ജോൺ | – | സി.എം.പി |
| 2 | ഡോ.നീലലോഹിതദാസൻ നാടാർ | – | ജനതാദൾ (സെക്യുലാർ) |
| 3 | അഡ്വ.എ.എൻ.രാജൻ ബാബു. | – | ജെ.എസ്.എസ്. |
| 4 | ഡോ.വർഗീസ് ജോർജ് | – | ജനതാദൾ |
| 5 | ശ്രീ. പി.സി.തോമസ് | – | ചെയർമാൻ, കേരള കോൺഗ്രസ് |
| 6 | അഡ്വ. പി.എസ്.പ്രദീപ് | – | ജെ.എസ്.എസ്. പ്രസിഡന്റ് |
| 7 | ശ്രീ. കല്ലമ്പലം ശിവജി | – | ജെ.എസ്.എസ്. |
| 8 | അഡ്വ. രാംമോഹൻ | – | ജനറൽ സെക്രട്ടറി, ആൾ ഇന്ത്യാ ഫോർവേഡ് ബ്ലോക്ക്, സ്റ്റേറ്റ് കമ്മിറ്റി |
| 9 | കെ.ആർ.ബ്രഹ്മാനന്ദൻ | – | ഫോർവേഡ് ബ്ലോക്ക് |
| 10 | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | – | സി.പി.എം. |
| 11 | ശ്രീമതി. ഷൈല.പി.എ | – | ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് |
| 12 | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | – | കോൺഗ്രസ് എസ്. സംസ്ഥാന പ്രസിഡന്റ് |
| 13 | ശ്രീ. വി.സുരേന്ദ്രൻ പിള്ള | – | കേരള കോൺഗ്രസ് വർക്കിംഗ് ചെയർമാൻ |
| 14 | ശ്രീ. എ.എ.അസീസ് | – | സെക്രട്ടറി , ആർ.എസ്.പി. സംസ്ഥാന കമ്മിറ്റി |
| 15 | ശ്രീ. വാക്കനാട് രാധാകൃഷ്ണൻ | – | കേരള കോൺഗ്രസ് ജേക്കബ് വർക്കിംഗ് ചെയർമാൻ |
| 16 | ശ്രീ. കുളക്കട രാജു | – | ജനറൽ സെക്രട്ടറി, കേരള കോൺഗ്രസ് |
| 17 | ശ്രീ. കെ.ആർ.അരവിന്ദാക്ഷൻ | – | സി.എം.പി, ജനറൽ സെക്രട്ടറി |
| 18 | ശ്രീ. സുഗുണൻ | – | സി.എം.പി |
| 19 | ശ്രീ. ബീമാപള്ളി റഷീദ് | – | ഐ.യു.എം.എൽ |
| 20 | ശ്രീ. വി.എസ്.അച്ചുതാനന്ദൻ | – | പ്രതിപക്ഷ നേതാവ് |
| 21 | ശ്രീ. കാനം രാജേന്ദ്രൻ | – | സി.പി.ഐ |
| 22 | ശ്രീ. ആർ.ബാലകൃഷ്ണപിള്ള | – | കേരള കോൺഗ്രസ് (ബി) |
| 23 | ശ്രീ. റ്റി. എം.തോമസ് ഐസക് | – | സി.പി.ഐ (എം) |
| 24 | ശ്രീ.വി.മുരളീധരൻ | – | ബി.ജെ.പി |
| 25 | ശ്രീ. വി.വി.രാജേഷ് | – | ബി.ജെ.പി |

സെക്ഷൻ ഓഫീസർ

Thomas Isaac

**GOVERNMENT OF KERALA**

**Abstract**

Vizhinjam International Deep water Multipurpose Seaport Project - Bid submitted by M/s Adani Ports & Special Economic Zone Ltd - Approved - Orders issued.

**Fisheries & Ports (E) Department**

G.O(MS) No.35/2015/F&PD. Dated, Thiruvananthapuram, 13-07-2015.

Read:- 1 G.O(MS) 69/2013/F&PD dated 29-11-2013

2 G.O(MS) 21/2014/F&PD dated 01-03-2014

3 G.O(MS) 26/2014/F&PD dated 31-03-2014

4 G.O(MS) 28/2014/F&PD dated 22-04-2014

5 Letters No. VISL/PPP/2014/420 dated 02-05-2015, VISL/PPP/2014/471 dated 14-05-2015, VISL/PPP/2014/497 dated 26-05-2015, VISL/2014-15/GOM/511 dated 28-05-2015, VISL/2014-15/GOM/519 dated 29-05-2015 of Managing Director, Vizhinjam International Seaport Ltd.

6 G.O(MS)No.31/2015/F&PD dated 12-06-2015

**ORDER**

As per Government Order read as 1st paper above Government have restructured Vizhinjam International Deep water Multipurpose Seaport Project as suggested by the Planning Board for availing Viability Gap Funding from Government of India. Based on the above order, Vizhinjam International Seaport Ltd issued Request for Qualification (RFQ).

Subsequently as per Government Order read as 2nd paper above, the Engineering Procurement Construction work for the construction of Breakwater and fishing harbour was included as Funded Works in the Public Private Partnership tender for the Vizhinjam International Deep water Multipurpose Seaport Project for which State would provide the funding.

As per Government Order read as 3rd paper above, all the 5 applicants who submitted the Request for Qualification were shortlisted, strictly based on the financial and technical qualification set in the Request for Qualification document. The Request For Proposal document in respect of Vizhinjam International Deep water Multipurpose Seaport Project was approved by Government vide Government Order read as 4th paper above and authorized Vizhinjam International Seaport Ltd

to issue the same to shortlisted applicants on behalf of Government of Kerala. Three bidders purchased the bid documents.

The Bid due date for the project was scheduled at 05:00 PM, 24th April 2015. Up to the closing time of bid submission, only one qualified bidder M/s Adani Ports & Special Economic Zone Limited submitted its bid. The Bid Opening Committee opened the bid at the scheduled bid opening time of 5:30 PM. The bids were evaluated by the Project Consultants. The bid documents / submissions were found to be in conformity with the Request For Proposal requirement and were hence found responsive. The authenticity of the bid bond submitted by the bidder was also confirmed with the bank which issued the bond.

The grant sought by the bidder M/s Adani Ports & Special Economic Zone Limited is INR 1,635 crore. This works out to around 39.985% of the Total Project Cost as mentioned in the Draft Concession Agreement (INR 4,089 crore) and hence is within the range permitted under the Viability Gap Funding (VGF) guidelines. The amount is within the range of 40.7% (Rs.1664 Cr) estimated in the revised Feasibility Report also.

Managing Director, Vizhinjam International Seaport Ltd, as per letter read as 5th paper above reported that the Minutes of bid opening meeting, bid evaluation report submitted by Transaction Advisors M/s Ernst & Young and Legal Consultant M/s HSA, Letter from Bank confirming the authenticity of the bid bond were submitted before the 23rd Meeting of the Empowered Committee.

The Empowered Committee noted that , in the current model, the cash outflow with respect to this particular concession from the State Government is limited to Rs. 2280.20 Cr (Rupees Two thousand two hundred and Eighty Crore Twenty Lakh only).This comprises of Rs.1463 Crore towards cost of funded works and Rs. 817.2 Crore towards Government of Kerala contribution of VGF. The cost of Funded Work will be adjusted for the Whole sale Price Index variation between the Bid Due Date and Appointed Date as per the provisions of DCA. The Committee noted that the current model offers considerable saving to State Government when compared to the earlier model on current price level.

Government vide orders read as 6th paper, ratified the amendment made by the Empowered Committee in the Draft Concession Agreement regarding the revision of project cost to Rs.4089 crore and cost of funded works to Rs.1463 crore. Empowered Committee also noted that no restrictive changes suiting any particular applicant or bidder were made during the selection process in respect of Project

Structure, DCA, qualification criteria and specification. The committee further noted that the certainty of cash outflow, potential savings and other merits of the current model. The Committee also felt that the chances of getting a better offer in a future bid is negligible considering the traffic risk involved, high investment needed and depressed market Internationally and Nationally. Therefore it is a situation where in the project may not materialise in future, if it does not materialise now ("Now or Never") This is particularly important in the light of the fact that this is the fourth attempt to bid the project and in the context of the development of the proposed nearby competing port locations.

The Committee after detailed discussions and based on the above, decided to recommend to the Board of Directors of VISL and Government of Kerala to accept the bid submitted by M/s Adani Ports and Special Economic Zone Ltd and to issue the Letter of Award (LOA) to M/s Adani Ports and Special Economic Zone Ltd.

Managing Director, Vizhinjam International Seaport Ltd in his letter dated 14-05-2015 has further reported that the recommendations of the Empowered Committee were placed before the Board of Directors of VISL at its 37th Meeting held on 13th May 2015. The decisions of Empowered Committee were discussed by Board of Directors and approved the above decisions and recommended Government of Kerala to approve the following:

i) Approve and accept the bid submitted by M/s Adani Ports and Special Economic Zone Ltd for a grant of Rs.1635 crore (Rupees one thousand six hundred and thirty five crore)

ii) Issue Letter of Award to M/s Adani Ports and Special Economic Zone Ltd.

Managing Director, Vizhinjam International Seaport Ltd has therefore requested Government to approve and accept the bid submitted by M/s Adani Ports and Special Economic Zone Ltd and to issue Letter of Award to the firm.

Government have examined the matter in detail. Vizhinjam International Deep water Multipurpose Seaport Project is a flagship project of the State. It is found that Development of this port is of great national importance considering the fact that the major share of Indian transshipment is currently handled by foreign ports of Colombo, Singapore and Dubai. The Project would shift these operations to India and thereby generate considerable saving in foreign exchange to the national economy. The port has the potential to become the transshipment hub serving the entire Indian Coast. The development of port and its allied facilities would

significantly contribute to the large scale growth of Industry and Economy in Kerala, besides generating employment opportunities Retendering of the project will lead to further time delay and cost escalation resulting in loss to the State exchequer. Besides chances of getting a better offer in a future bid is negligible considering the traffic risk involved, high investment needed and depressed market Internationally and Nationally.

In the circumstance, Government are pleased to approve the bid submitted by M/s Adani Ports and Special Economic Zone Ltd for a grant of Rs.1635 crore (817.8 crores from Government of India and 817.2 crores from Government of Kerala ) for the development of Vizhinjam International Deep water Multipurpose Seaport Project. Accordingly, Letter of Award will be issued to M/s Adani Ports and Special Economic Zone Ltd

(By Order of the Governor)

**JAMES VARGHESE**
Principal Secretary to Government

To

1) The Managing Director, Vizhinjam International Seaport Ltd, Thiruvananthapuram.
2) The Principal Accountant General (Audit), Kerala
3) The Accountant General (A&E), Kerala, Thiruvananthapuram.
4) The General Administration (SC) Department (Vide item No. 6787 dated 20-05-2013 and item No. 6885 dated 10-06-2015)
5) The Finance Department
6) The Law Department
7) SF/OC

Copy to : Special Private Secretary to Minister (Ports)

Forwarded/By order

Section Officer

സെക്ഷൻ ഓഫീസർ